ശ്രീ. ടി. എ. തൊമ്മൻ : തടസ്സമെന്താണെന്ന നോക്കാം.

ശ്രീ. എം. നാരായണക്കുറുപ്പ് : എന്തെല്ലാം നിബന്ധനകൾ അനുസരിച്ചാണ് ഈ ഭൂമി പതിച്ചുകൊടുക്കുന്നതെന്ന പറയാമോ ?

ശ്രീ. ടി. എ. തൊമ്മൻ : പ്രത്യേക ചോദ്യമായി ചോദിക്കാതെ വിശദമായി പറയുവാൻ നിവൃത്തിയില്ല.

ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ നടത്തുന്ന സ്കൂളുകൾ

* 830. [23] ശ്രീ. പി. എസ്സ്. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ നടത്തുന്ന എത്ര സ്കൂളുകൾ ഇപ്പോൾ സ്റ്റേറ്റിലുണ്ട്;

(ബി) ഒരു താലൂക്കിൽ എത്ര സ്കൂളുകളിൽ എന്ന നിബന്ധന വല്ലതുമുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര സ്കൂളുകളിൽ;

(ഡി) പൈക്കം ഗവണ്മെന്റ് ഹൈസ്കൂളിൽ (ബോയിസ്) ഇംഗ്ലീഷ് മീഡിയം ക്ലാസ് ആരംഭിക്കണമെന്ന ആവശ്യം അടുത്ത അദ്ധ്യയന വർഷം മുതലെങ്കിലും അനുവദിക്കാൻ ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 113 സ്കൂളുകൾ

(ബി) ഉണ്ട്.

(സി) ഒരു താലൂക്കിൽ നാല് സ്കൂളുകൾ.

(ഡി) ഈ കാര്യം ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

ശ്രീ. കെ. കൃഷ്ണപിള്ള: ഇംഗ്ലീഷ് മീഡിയം സ്കൂൾ അനുവദിക്കുന്നതിൽ ഗവണ്മെന്റിന്റെ നയം എന്താണ്; സ്റ്റാൻഡേർഡ് താണുപോയതു പരിഹരിക്കുവാൻ വേണ്ടിയാണോ; എങ്കിൽ ഈ അദ്ധ്യയനവർഷം മുതൽ ഏതെല്ലാം പ്രദേശങ്ങളിൽ ഇതു നടത്തണമെന്നാണ് വിചാരിക്കുന്നതു; വ്യക്തമായ ഒരു നയം ഗവണ്മെന്റിനുണ്ടോ?

ശ്രീ. ആർ. ശങ്കർ: ഗവണ്മെന്റിനു ഇപ്പോഴുള്ള നയം വ്യക്തമായതാണ്. ഇൻഡ്യാ ഗവണ്മെന്റിന്റെ ആഫീസും മറ്റും ഉള്ള സ്ഥലങ്ങളിൽ മറ്റുസംസ്ഥാനങ്ങളിലെ ആളുകൾ ഉദ്യോഗസ്ഥന്മാരായി പ്രവർത്തിക്കുന്നുണ്ട്. അവരുടെ കുട്ടികൾക്ക് ഇവിടത്തെ ഭാഷയിൽ അദ്ധ്യയനം നടത്തുവാൻ പ്രയാസംനേരിടും. അതുകൊണ്ട് പ്രധാനപ്പെട്ട പട്ടണങ്ങളിലെല്ലാം ഈമാതിരി ആഫീസുകൾ ഉണ്ടെങ്കിൽ അവിടെയും അതുപോലെതന്നെ വിദേശത്തുനിന്നും കച്ചവടക്കാർ ഇവിടെ വന്നു കച്ചവടം നടത്തുകയാണെങ്കിൽ അവരുടെ കുട്ടികൾക്ക് പഠിക്കുന്നതിനുള്ള സൗകര്യാർത്ഥവുമാണ് ഇത്തരം സ്കൂളുകൾ വേണമെന്നു നിശ്ചയിച്ചിട്ടുള്ളതു. അതുപോലെതന്നെ ചില രാജ്യകാര്യങ്ങൾ പൊതുവിൽ ഈമാതിരി അദ്ധ്യയനം അവരുടെ കുട്ടികൾക്ക് നൽകണമെന്ന താൽപ്പര്യം കാണിക്കുന്നുണ്ട്. ഇതെല്ലാം കരുതിയാണ് ഒരു താലൂക്കിൽ നാല് സ്കൂൾ എന്ന കണക്കിനു ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്ഥാപിക്കുന്നതിനു തീരുമാനിച്ചിട്ടുള്ളതു. എന്നാൽ എല്ലാ സ്കൂളും ഇംഗ്ലീഷ് മീഡിയം ആക്കേണ്ട ആവശ്യമില്ലല്ലോ എന്ന കരുതി ഒരു പരിധി വച്ചു എന്നുമാത്രമേയുള്ളു.

ശ്രീ. എം. എം. മത്തായി: ഈ സ്കൂളുകളിൽ പഠിപ്പിക്കുന്നതിനു വിദഗ്ദ്ധന്മാരായ അദ്ധ്യാപകന്മാരെ വച്ചിട്ടുണ്ടോ; പല ഇംഗ്ലീഷ് മീഡിയം സ്കൂളിലും വിദഗ്ദ്ധന്മാരായ അദ്ധ്യാപകരെ വച്ചിട്ടില്ല എന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ: അദ്ധ്യാപകരെ നിയമിച്ചിരിക്കണം എന്നുള്ളതു സ്കൂൾ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകളിൽ ഒന്നാണു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: വരുന്ന വർഷം എത്ര ഇംഗ്ലീഷ് മീഡിയം സ്കൂൾ അനുവദിക്കുവാൻ നിശ്ചയിച്ചിട്ടുണ്ടു്?

ശ്രീ. ആർ. ശങ്കർ: അതിനെപ്പറ്റി ആലോചിച്ചിട്ടില്ല. ഡിമാൻറുകൂടുതലായി ഉണ്ടെങ്കിൽ കൂടുതൽ കൊടുക്കുന്നതിനു വിഷമമില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ഒരു താലൂക്കിൽ നാലു ഇംഗ്ലീഷ് മീഡിയം സ്കൂൾ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നു പറഞ്ഞു. അങ്ങനെ കൊടുക്കുമ്പോൾ ഇതുവരെ യാതൊരു ഇംഗ്ലീഷ് മീഡിയം സ്കൂളും ഇല്ലാത്തതായ താലൂക്കുകൾക്കു മുൻഗണന കൊടുക്കുന്ന കാര്യത്തെപ്പറ്റി ചിന്തിക്കുമോ?

ശ്രീ. ആർ. ശങ്കർ: നിശ്ചയമായും പരിഗണിക്കാവുന്നതാണു്.

ശ്രീ. കെ. ഹസ്സൻ ഗനി: മലബാറിൽ മദ്രാസ് ഗവണ്മെൻറിൻെറ കീഴിൽ നടത്തിക്കൊണ്ടിരുന്ന എതാനും ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ഇപ്പോഴും അവിടത്തെ സിലബസ് അനുസരിച്ചു് പാഠങ്ങൾ പഠിപ്പിക്കുകയും ആ രീതിയിൽ പരീക്ഷ നടത്തുകയും ചെയ്തുകൊണ്ടിരിക്കുകയാണു്. അഞ്ചു ഇംഗ്ലീഷ് മീഡിയം സ്കൂളുകളുണ്ടു്. ഈ സ്കൂളുകൾ ഈ സ്റ്റേറ്റിൻെറ കീഴിൽ കൊണ്ടുവരുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ആർ. ശങ്കർ: അങ്ങനെ ആലോചിച്ചു നടപടികൾ കൈക്കൊണ്ടിട്ടുണ്ടു്.

ശ്രീമതി കുസുമം: ഈ നാലു സ്കൂളുകൾ എന്നു പറഞ്ഞതു് കറക്ടഗ്-നൈസ്-ഡു സ്കൂളുകൾ ഉൾപ്പെടെയാണോ?

ശ്രീ. ആർ. ശങ്കർ: അതെ.

ശ്രീ. എം. നാരായണക്കുറുപ്പ്: ഇവിടെ ഒരു പബ്ലിക് സ്കൂൾ പ്രവർത്തിക്കുന്നതാണെന്നു പ്രഖ്യാപിച്ചിരുന്നു. അതു ഉപേക്ഷിച്ചു കളഞ്ഞുവോ?

ശ്രീ. ആർ. ശങ്കർ: തത്വം ഉപേക്ഷിച്ചിട്ടില്ല. പബ്ലിക് സ്കൂളിനുവേണ്ടി അക്വയർ ചെയ്ത സ്ഥലം മറ്റൊരു ആവശ്യത്തിലേയ്ക്കു ഉപയോഗിക്കേണ്ടിവന്നു.

ശ്രീ. എം. നാരായണക്കുറുപ്പ്: തത്വത്തിൽ സ്വീകരിച്ചു എന്നു പറഞ്ഞാൽ പ്രായോഗികമായി വരാതിരിക്കുക എന്നാണോ മന്ത്രിയുടെ മറുപടിയിൽനിന്നും മനസിലാക്കേണ്ടതു്?

ശ്രീ. ആർ. ശങ്കർ: അല്ല. അന്നു നീക്കിവച്ചിരുന്ന സ്ഥലം വേറൊരു ഉപയോഗത്തിനുവേണ്ടി കൊടുത്തുപോയി. പബ്ലിക്കു സ്കൂൾ സ്ഥാപിക്കുവാൻ മറ്റു ഏതെങ്കിലും സ്ഥലം ഉണ്ടോ എന്നന്വേഷിക്കുകയാണു്.

സെയിൽസ്ടാക്സ് ചെക്കിംഗ് പോസ്റ്റുകൾ.

* 831. [24] ശ്രീ. ആർ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റിൽ എവിടെയെല്ലാം സെയിൽസ്ടാക്സ് ചെക്കിംഗ് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ടു്;

(ബി) വാടകകെട്ടിടങ്ങളിൽ നടത്തുന്നവ ഏതെല്ലാം;

(സി) ആലത്തൂർ താലൂക്കിൽ വടക്കാഞ്ചേരിയിലുള്ള ചെക്കിംഗ് പോസ്റ്റ് വാടകക്കെട്ടിടത്തിലാണോ നടത്തുന്നതു്;

LIBRARY ARCHIVES Kerala Legislative Assembly